ഉണ്ടായിരിക്കുന്നു എന്നാണ് കാണിക്കുന്നത്. Assumption-ൽ വന്ന ചില വ്യതിയാനങ്ങൾ മൂലമാകാം. ശരിയായ വളർച്ചാനിരക്ക് ഈ മേഖലയിൽ കാണിക്കുകയാണെങ്കിൽ മൊത്തം വളർച്ചാനിരക്ക് 9.2 ശതമാനത്തിൽ നിന്ന് വർദ്ധിക്കുകയേയുള്ളൂ. അക്കാര്യം ഇതിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

കറണ്ട് പ്രൈസിൽ കൺസ്ട്രക്ഷൻ 26.2 ആണ്. അത്, അറ്റ് കോൺസ്റ്റന്റ് പ്രൈസാകുമ്പോൾ -13.2 ആകും. അതത്ര ശരിയാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, ക്വിക് എസ്റ്റിമേറ്റാണ്. അതുകൊണ്ട് ക്വിക് എസ്റ്റിമേറ്റ് കറക്ട് ചെയ്യാം. പ്രൊവിഷണൽ എസ്റ്റിമേറ്റ് വരും, ഫൈനൽ എസ്റ്റിമേറ്റ് വരും. കൺസ്ട്രക്ഷനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു ബൂം ആണ്. അത് -13 ആക്കാൻ ഒക്കത്തില്ല. അത് പ്ലസ് വരികയാണെങ്കിൽ -13.1-ന്റെ അടിസ്ഥാനത്തിലാണ് നമുക്ക് 9.2 ഗ്രോത്തായിട്ട് കൺക്ലൂഡ് ചെയ്തിരിക്കുന്നത്. അത് +13 ആണ് വരുന്നതെങ്കിൽ ഗ്രോത്ത് റേറ്റ് വളരെക്കൂടും. അതുകൊണ്ടാണ് ഞാൻ എന്റെ ബഡ്ജറ്റിൽ അതൊന്നും എടുത്ത് പറയാതിരുന്നത്. 9.2 ഗ്രോത്ത് ഒന്നും ഞാൻ അവകാശപ്പെട്ടില്ല. കാരണം ഇത് ക്വിക് എസ്റ്റിമേറ്റായതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഒരു അവകാശവാദം ഉന്നയിക്കുന്നത് ശരിയല്ല എന്നുള്ളതാണ്. (.....ബഹളം.....) സംസ്ഥാന എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന ജി.എസ്.ഡി.പി. എസ്റ്റിമേറ്റുകൾ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ വിശദമായ പരിശോധനയ്ക്കു ശേഷമാണ് അന്തിമമായി അംഗീകരിക്കപ്പെടുന്നത്. സാമ്പത്തിക അവലോകനം 2005 -ലെ എസ്റ്റിമേറ്റുകളുടെ പരിശോധനയുടെ ഒന്നും ആവശ്യമില്ല. ഡോക്ടർക്ക് അറിയാമല്ലോ? ഡോക്ടറുടെ പഴയ ആളുകൾ തന്നെയാണ് ഇതിപ്പോൾ ഉണ്ടാക്കിയത്.

VI 2005-ലെ സ്റ്റേറ്റ്മെന്റിൽ വന്ന തെറ്റ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കാൻ ഉദ്ദേശിച്ച കാര്യങ്ങളിലൊന്ന് ഡോ. തോമസ് ഐസക് ഇവിടെ ഉന്നയിച്ചതുമായി സമാനതയുള്ളതാണ്. പക്ഷേ, അങ്ങ് മറുപടി പറഞ്ഞപ്പോൾ അത് ഉന്നയിക്കണമെന്ന് തോന്നുകയാണ്. പ്രൊവിഷണലായിട്ടുള്ള കണക്കുകളല്ല ക്വിക് എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് എന്നാണ് പറഞ്ഞത്.. 2003-04-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ടും 2004-05-ലെ കണക്കും വച്ചുകൊണ്ട് ഇപ്പോൾ തന്നിട്ടുള്ള എക്കണോമിക് റിവ്യൂ റിപ്പോർട്ടും പരസ്പര വിരുദ്ധമാണല്ലോ? അത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? ഇത് ക്വിക് എസ്റ്റിമേറ്റല്ല. അത് കൃത്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്. 6.63 ആണ് പെർസന്റ്. 2005-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ 8.3 എന്ന് പറയുകയാണ്. കഴിഞ്ഞ വർഷം ഈ സഭയിൽ അവതരിപ്പിച്ച കണക്കനുസരിച്ച് പ്രൊവിഷണൽ എസ്റ്റിമേറ്റ് തന്നെ 6.63 ആയിട്ട് പിന്നെ എങ്ങനെ ക്വിക് എസ്റ്റിമേറ്റ് രീതിയിൽ 8.3 ആകുന്നു? അത് പ്രൊവിഷണൽ തന്നെയാണ്; ക്വിക്കല്ല. 2004-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം 2003-04-ലേത് 6.63% ആണ്. ഈ തവണ 7.4% എന്ന് പറയുന്നു. 2004-05-ൽ 6.15% ആണ്. ഈ തവണ എക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

9.2% എന്ന് പറയുന്നു. ഇത് അവസാനത്തെ 2004-05-ലേത്. അത് കിക്ക് എസ്റ്റിമേറ്റാണെന്ന വാദത്തിന് സമ്മതിക്കാം, . അതിന് മുമ്പിലത്തെ രണ്ട് വർഷത്തേത് പരസ്പര വിരുദ്ധമാകുന്നതിന് കാരണം എന്താണ്? ഈ കണക്കിലെ പൊരുത്തക്കേട് മാത്രമല്ല, ഇപ്പോൾ കടം സംബന്ധിച്ച ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലും, ബജറ്റ് ഇൻ ബ്രീഫെന്ന് പറയുന്ന രേഖയിലും, ചോദ്യത്തിനുള്ള മറുപടിയിലും 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള സി.ആന്റ് എ.ജി. റിപ്പോർട്ടിലും, റവന്യൂ റസീറ്റ്സിലും അതിനുള്ള കണക്കുകളിലും പരസ്പരം വിരുദ്ധമായിട്ടുള്ള കണക്കുകളാണ് പറഞ്ഞിരിക്കുന്നത്. സി.ആന്റ് എ.ജി. റിപ്പോർട്ട് നമ്മൾ എടുത്താൽ, 43697 കോടി രൂപയാണ് 2005 മാർച്ച് 31 വരെയുള്ള കേരളത്തിന്റെ കടം. അതുപോലെതന്നെ ബഡ്ജറ്റ് ഇൻ ബ്രീഫിൽ പറഞ്ഞിട്ടുണ്ട് 2006 ആകുമ്പോഴേയ്ക്കും കടം വർദ്ധിച്ച് 47000 കോടി രൂപയാകുമെന്ന്. 2007 മാർച്ച് ആകുമ്പോൾ അത് 54,000 കോടി രൂപയാകും. സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരമുള്ള കണക്കുകൾക്ക് വിരുദ്ധമായി ബഡ്ജറ്റ് ഇൻ ബ്രീഫിലും, താങ്കൾ നടത്തിയിട്ടുള്ള പ്രസംഗത്തിലും രേഖയിലും പറയുന്നു. അക്ചൽ എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് രേഖയിലും പറയുന്ന കടം 41,877.82 കോടി രൂപയാണ്. സി.ആന്റ് എ.ജി. എല്ലാ വസ്തുതകളും പരിശോധിച്ചുകൊണ്ട് നൽകിയിട്ടുള്ള രേഖയിലും പറയുന്നു 43,697 കോടി രൂപ എന്ന്. അങ്ങ് ചോദ്യങ്ങൾക്ക് മറുപടിയായി അംഗങ്ങൾക്ക് നൽകിയിരിക്കുന്നത് ആകട്ടെ 44,350 കോടി രൂപ എന്നാണ്. ഡിസംബർ വരെയുള്ള കണക്ക് വാദത്തിന് സമ്മതിക്കാം. എന്നാൽ ഇപ്പോൾ സി.ആന്റ് എ.ജി.-യുടെ കണക്കുകളും അങ്ങയുടെ ബഡ്ജറ്റ് രേഖയിലെ കണക്കുകളും പരസ്പരം പൊരുത്തമില്ലാത്തതിനാൽ യഥാർത്ഥത്തിൽ ഭീതിജനകമായി കടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കടത്തെ ഇവിടെ കുറച്ചു കാണിക്കാനുള്ള വെമ്പലാണ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായത് എന്നുള്ളത് സി.ആന്റ് എ.ജി. റിപ്പോർട്ട് വന്നതോടുകൂടി വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2004-05-ലെ സാമ്പത്തിക സ്ഥിതി അവലോകന റിപ്പോർട്ടിൽ 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിലെ സെക്ടറൽ ഗ്രോത്ത് റേറ്റിൽ വന്ന കാരണങ്ങൾ താഴെപ്പറയും പ്രകാരമാണ്. 2002-03 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി. സംബന്ധിച്ച സാമ്പത്തിക അവലോകനം 2004-ലെ റിപ്പോർട്ടിൽ വന്നിരിക്കുന്ന വിവരം, പ്രൊവിഷണൽ കണക്കും. സാമ്പത്തിക അവലോകനം 2005-ൽ വന്നിരിക്കുന്ന വിവരം, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനുമായിട്ടുള്ള ഒത്തുനോക്കലിനുശേഷം അവസാനം തീർപ്പാക്കിയ കണക്കുമാകുന്നു. പ്രൊവിഷണൽ കണക്കുകളും ഫൈനൽ കണക്കുകളുമാകുമ്പോൾ സാധാരണ ഉണ്ടാകുന്ന വ്യത്യാസമാണ് ഇതിൽ കാണുന്നത്. കാലാകാലങ്ങളിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളാണിത്. 2003-04 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി. സംബന്ധിച്ച സാമ്പത്തിക അവലോകനം 2004-ലെ റിപ്പോർട്ടിൽ വന്നിരിക്കുന്ന വിവരം കിക് കണക്കും

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ സാമ്പത്തിക അവലോകനം 2005-ലെ റിപ്പോർട്ടിൽ വന്നിരിക്കുന്ന വിവരം പ്രൊവിഷണൽ കണക്കുമാകുന്നു. കുറിക് കണക്കുകൾ പ്രൊവിഷണൽ കണക്കുകളാകുമ്പോൾ സാധാരണയായി ഉണ്ടാകുന്ന വ്യത്യാസമാണ് ഇതിൽ കാണുന്നത്. കാലാകാലങ്ങളായി അനുവർത്തിച്ചുവരുന്ന ഒരു നടപടിക്രമമാണിത്. 2004-05 സാമ്പത്തിക വർഷത്തെ എൻ.എസ്.ഡി.പി.-യെക്കുറിച്ചുള്ള വിവരങ്ങൾ സാമ്പത്തിക അവലോകനം 2004-ലെ റിപ്പോർട്ടിൽ നൽകിയിരുന്നില്ല. 2005-ൽ പ്ലാനിംഗ് ബോർഡിന് നൽകിയ കുറിക് കണക്കുകളാകുന്നു. സ്വാഭാവികമായും ഈ കണക്കുകൾ പ്രൊവിഷണലും ഫൈനലും ആകുമ്പോൾ വ്യത്യാസം വരാവുന്നതാണ്. കടത്തെ സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന അന്തരത്തിന്റെ വിശദീകരണം താഴെപ്പറയും പ്രകാരമാണ്. 31.3.2005-ലെ കടം 41878 കോടി രൂപയാണ്. ഇത് എ.ജി. തന്ന കണക്കാണ്. കടം സംബന്ധിച്ച് നിയമസഭയിൽ തന്ന ഉത്തരം പ്രകാരം 31-3-2000-ലെ കടം 41,878 കോടി രൂപയാണ്. ഇത് എ.ജി. ക്രോഡീകരിച്ച ഫൈനാൻസ് അക്കൗണ്ടിലെ സ്റ്റേറ്റുമെന്റിൽ പറയുംപ്രകാരമാണ്. 2004-05-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ കണക്കുകൾ തന്നെയാണ് കാണിച്ചിട്ടുള്ളത്. കടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പലിശ നൽകേണ്ടുന്ന, സംസ്ഥാന ഗവണ്മെന്റ് മറ്റുള്ളവരിൽ നിന്നും വായ്പയായി എടുത്ത തുകയാണ്. 31-3-2005 വരെയുള്ള കണക്കുകളേ ആധികാരികമായിട്ടുള്ളു. എന്നാൽ എ.ജി. എല്ലാ മാസവും താത്ക്കാലിക കണക്കുകളുടെ പ്രൊവിഷണൽ അക്കൗണ്ട് നൽകാറുണ്ട്. 31-12-2005 വരെയുള്ള എ.ജി.-യുടെ താത്ക്കാലിക കണക്കുകൾ അനുസരിച്ച് 31-12-2005 വരെയുള്ള കടം 44350 കോടി രൂപയാണ്. ഇതാണ് ചില നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ കാണിച്ചിട്ടുള്ളത്. 31-12-2005 വരെയുള്ള താത്ക്കാലിക കണക്കനുസരിച്ചുള്ളതാണെന്ന് മറുപടിയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2004-05-ലെ റിപ്പോർട്ടിലെ അപ്പെൻഡിക്സ് 1, പേജ് 131 സംസ്ഥാന ബാദ്ധ്യതകളുടെ, there is a difference between debt and liability. അത് ആദ്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. രണ്ടും രണ്ടാണ്. ലയബിലിറ്റീസിന്റെ വിശദവിവരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 31-3-2005 വരെ സംസ്ഥാനത്തിന്റെ ലയബിലിറ്റി 43,782 കോടി രൂപയാണ്. അതായത് 31-3-2005-ലെ കടം എടുത്ത ബാദ്ധ്യത 41,878 കോടി രൂപയേക്കാൾ 1,904 കോടി രൂപ കൂടുതൽ. ഈ 1,904 കോടി രൂപ കണ്ടിൻജൻസി ഫണ്ടും, ഡെപ്പോസിറ്റും, റിസർവ് ഫണ്ടും കൂടി ഉൾപ്പെട്ടതാണ്. ഈ തുക പ്രധാനമായും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ട്രാൻസ്ഫർ ചെയ്യപ്പെടുന്ന തുകകളും മറ്റു ഡെപ്പോസിറ്റുകളുമാണ്. ഇത് സർക്കാർ പലിശ നൽകേണ്ടതില്ലാത്തതുമാണ്. അതിനാൽ എ.ജി.-യുടെ സ്റ്റേറ്റുമെന്റ് ഓഫ് ഡെബ്റ്റിൽ ഈ ഇനങ്ങൾ ഉൾപ്പെടുന്നില്ല. നിയമസഭയിൽ നൽകിയ ഉത്തരം, 31-12-2005-ലെ മൊത്തം കടബാദ്ധ്യതയാണ് കാണിച്ചിരിക്കുന്നത്. അതായത് 31-3-2005-ൽ ഡെപ്പോസിറ്റും കണ്ടിൻജൻസി ഫണ്ടും റിസർവ് ഫണ്ടും ഒഴികെയുള്ള കടബാദ്ധ്യതയോടൊപ്പം 1-4-05 മുതൽ 3-12-05 വരെയുള്ള കടബാദ്ധ്യതകൂടി കൂട്ടിയ സംഖ്യയാണ്. ഈ വ്യത്യാസം മൂലമാണ് നിയമസഭയിൽ നൽകിയ ഉത്തരത്തിൽ സി.ആന്റ് എ.ജി-യുടെ റിപ്പോർട്ടിൽ പറയുന്ന ബാദ്ധ്യതകളുടെ സ്റ്റേറ്റുമെന്റിൽ വ്യത്യാസം ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സ്റ്റേറ്റുമെന്റിൽ കടബാധ്യതയായി കാണിച്ചിരിക്കുന്ന ഇനങ്ങൾ കൂട്ടിയാൽ കിട്ടുന്ന തുക 41,878 കോടി രൂപ തന്നെയാണ്. നിയമസഭയിൽ നൽകിയ ഉത്തരത്തിലും 31-3-05 വരെയുള്ള കടബാധ്യത ഇതുതന്നെയാണ്. ഇനി കടവും ബാദ്ധ്യതയുമായിട്ടുള്ള വ്യത്യാസം. കടവും ബാദ്ധ്യതയും വ്യത്യസ്തമാണെന്ന് താഴെപ്പറയുന്ന കണക്കുകൾ പറയുന്നു. 31-3-96-ലെ ലയബിലിറ്റി 10,721 കോടി രൂപയും കടം 10,114 കോടി രൂപയുമാണ്. വ്യത്യാസം 607 കോടി രൂപ. 31-3-01-ലെ ബാദ്ധ്യത 25,746 കോടി രൂപയും കടം 23,919 കോടി രൂപയും. അതിന്റെ വ്യത്യാസം 1827 കോടി രൂപ .പക്ഷേ നമ്മൾ കടം 23,919 എന്ന് മാത്രമേ പറയാറുള്ളു. അല്ലാതെ ബാദ്ധ്യതയായ 25,746 കോടി രൂപ എന്ന് പറയാറില്ല.. അതുപോലെ 31-3-05-ലെ കടം 41,878 കോടി രൂപയും ബാദ്ധ്യത 43,782 കോടി രൂപയുമാണ്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസത്തിലുള്ള കുഴപ്പം കൊണ്ടാണ് സംശയം വന്നത്.

VII ക്രമപ്രശ്നം

ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്ക് മറുപടി ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എം.എൽ.എ-മാർ കൊടുക്കുന്ന കത്തുകൾക്ക് മറുപടി നൽകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പോലും മറുപടി ലഭിക്കുന്നില്ല. ചികിത്സാ സഹായമാണെങ്കിൽ റവന്യൂ സെക്രട്ടറിക്ക് അയക്കൽ മാത്രമേയുള്ളു. പട്ടികസമുദായക്ഷേമവും, യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും മറുപടി കിട്ടാറില്ല. ഇത് ഇവിടെ ഉന്നയിക്കാനുള്ള കാരണം അടുത്ത ദിവസം ഒരു ചാനലിൽ കണ്ട വാർത്തയിൽ ഒരു ലക്ഷം ഫയലുകൾ തീർപ്പാക്കി, ഇനി സെക്രട്ടേറിയറ്റിൽ കേവലം എണ്ണായിരം ഫയലുകൾ മാത്രമേയുള്ളു എന്ന് പറഞ്ഞതുകൊണ്ടാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം ഞാൻ തന്നെ ഇരുനൂറിലധികം നിവേദനങ്ങൾ തന്നിട്ടുണ്ട്. എല്ലാ മന്ത്രിമാർക്കും കൊടുത്തു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഈ രീതിയിലാണെങ്കിൽ ശില കിട്ടാതെ അലയുന്ന ശില്പിയെപ്പോലെ ഫയലില്ലാതെ അലയുന്ന മന്ത്രിമാരാണ് കേരളത്തിൽ എന്ന് തോന്നത്തക്ക വിധിത്തിലുള്ള ചർമ്മബലമുള്ള പ്രചാരണമാണ് ഇവിടെ നടത്തുന്നത്. അതുപോലെ തന്നെ സർക്കുലറുകളും സർക്കാർ ഉത്തരവുകളും അനുസരിച്ച് എം.എൽ.എ. മാരുടെ കത്തുകൾക്ക് കൃത്യമായി മറുപടി നൽകേണ്ടതാണ്. മന്ത്രിമാരുടെ ഓഫീസുകളിൽ കൊടുത്തിട്ടുള്ള നിവേദനങ്ങൾ എവിടെയാണ് എന്നു പോലും പറയാൻ പറ്റാത്ത വിധത്തിൽ നിവേദനങ്ങളും പരാതികളും കത്തുകളും കാണാനില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല. അത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly